പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3634 25.06.2013 ൽ മറുപടിക്ക്

## ടി. പി . സെൻകുമാർ കമ്മീഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | റോഡപകടങ്ങൾ കുറയ്ക്കുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ടി.പി. സെൻകുമാർ അദ്ധ്യക്ഷനായി ഒരു പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) ഉം | ടി.പി.സെൻകുമാർ അദ്ധ്യക്ഷനായി പഠന റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. എന്നാൽ ടി.പി. സെൻകുമാർ ഗതാഗത കമ്മീഷണർ ആയിരുന്നപ്പോൾ മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും എൻഫോഴ്സ്മെന്റ് നടപടികൾ ഊർജ്ജിതമാക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും വേണ്ടി അധികം തസ്തികകൾ സൃഷ്ടിക്കുന്നതിനും, കൂടാതെ ഒരു എൻഫോഴ്മെന്റ് വിംഗ് രൂപീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 56 അധിക തസ്തികകൾ പുതുതായി സൃഷ്ടിച്ചു കൊണ്ട് മോട്ടോർ വാഹന വകുപ്പിൽ ഒരു എൻഫോഴ്മെന്റ് വിംഗ് രൂപീകരിക്കുകയുണ്ടായി. അതിനുശേഷം 8 പുതിയ സബ് ആർ.ടി.ഒ ഓഫീസുകൾ അനുവദിക്കുകയും അവയിലേക്കായി 144 തസ്തിക സൃഷ്ടിക്കുകയും ചെയ്തു. കൂടാതെ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എൻഫോഴ്സ്മെന്റ് നടപടികൾ ശക്തിപ്പെടുന്നതിനും ടാക്സ് പിരിവ് വർദ്ധിപ്പിക്കുന്നതിനുമായി 55 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികകളും മറ്റ് വിവിധ വിഭാഗങ്ങളിലായി 206 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;<br>വിശദാംശം നൽകുമോ; | | |
| (സി) | പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ കുറയ്ക്കുവാൻ പുതിയ എൻഫോഴ്സ്മെന്റ് വിംഗ് രൂപീകരിക്കുവാനും വകുപ്പിലെ അംഗസംഖ്യ വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ; | | |
| (ഡി) | എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ